**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2942** **03-08-2021 - ൽ മറുപടിയ്ക്ക്**

**പാറശാല ആർ.ടി.ഓ. ടെസ്റ്റിങ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പാറശാല ആർ.ടി.ഓ. ടെസ്റ്റിങ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. |
| (ബി) | പാറശാല ആർ.ടി.ഓ. ടെസ്റ്റിങ് ഗ്രൗണ്ടിലേയ്ക്ക് കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിലൂടെ കടന്നുപോകുന്ന മൺറോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ റോഡ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | മൺറോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. റോഡ് ടാർ ചെയ്യുന്നതിന് എം.എൽ.എ. ഫണ്ടിന്റെ ലഭ്യത അന്വേഷിക്കുന്നതിനും/ ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങുവാനും പാറശ്ശാല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറോട് ഗതാഗത കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന് ടാർ ചെയ്യുന്നതിലേക്ക് ആവശ്യമായ എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പാറശ്ശാല പി.ഡബ്ല്യു.ഡി, അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ